വി. എച്ച്. എസ്. കോഴ്സുകളുടെ അംഗീകാരം

186 [1548] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ഇല്ല എന്ന കാരണത്താൽ വി. എച്ച്. എസ്. കോഴ്സ് പാസ്സായിട്ടുള്ള കുട്ടികൾക്ക് കർണ്ണാടകത്തിലും, തമിഴ്നാട്ടിലും ബി. എസ്. സി. നഴ്സിംഗ് കോഴ്സിന് പ്രവേശനം നിഷേധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കരസേന റിക്രൂട്ട്മെന്റിലും, പോസ്റ്റ് & ടെലഗ്രാഫ് ഡിപ്പാർട്ടുമെന്റിലെ ജോലിക്കും, പ്ലസ്ടൂ പാസ്സായവരെ പരിഗണിക്കുമ്പോഴും, വി. എച്ച്. എസ്. സി. കുട്ടികളെ പരിഗണിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമുണ്ടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വി. എച്ച്. എസ്. സി.-യിലുള്ള 30 കോഴ്സുകൾക്ക് പി. എസ്. സി. ഇനിയും അംഗീകാരം നൽകിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ കോഴ്സുകൾക്ക് അംഗീകാരം നൽകാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയിൽനിന്നും വി. എച്ച്. എസ്. ഇ. കോഴ്സുകളുടെ അംഗീകാരം ലഭ്യമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ സജീവ പരിഗണനയിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു പരിഹാരം കാണുന്നതിന് കേന്ദ്ര സർക്കാരുമായും. ബ്രാഞ്ച് റിക്രൂട്ടിംഗ് ഓഫീസുമായും കത്തിട പാടുകൾ നടത്തിവരുന്നു.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ വിവിധ വകുപ്പുകളിലെ സമാന തസ്തികകളുടെ യോഗ്യതയായി നിശ്ചയിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തേണ്ടത് അതാതു വകുപ്പുകളാണ്. ഇതനുസരിച്ചുള്ള പ്രൊപ്പോസൽ വിവിധ വകുപ്പുകൾക്ക് പല പ്രാവശ്യം നൽകിയെങ്കിലും സ്പെഷ്യൽ റൂൾ ഭേദഗതി കാലതാമസമെടുക്കുന്നതിനാൽ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഇതു തരണം ചെയ്യുന്നതിനുവേണ്ടി സമാന തസ്തികകൾ നിശ്ചയിച്ച് സ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷന്റെ അംഗീകാരം നേടുകയും പബ്ലിക് സർവ്വീസ് കമ്മിഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly